**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4783** | **01-11-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാർ പ്രഖ്യാപിച്ച തീരദേശ ഹൈവേ പദ്ധതിയിൽ നിലവിൽ എത്ര കിലോമീറ്റർ റോഡിന്റെ പ്രവൃത്തിയാണ് ആരംഭിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ; | (എ) | കേരള റോഡ് ഫണ്ട് ബോർഡ് പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിനു കീഴിൽ തീരദേശ ഹൈവേയുടെ ഭാഗമായ 18.5 കി.മീ റോഡിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പടിഞ്ഞാറെക്കര മുതൽ ഉണ്ണിയാൽ വരെ(15 കി.മീ), താനൂർ മുഹിയുദ്ദീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെ(3.5 കിമീ) എന്നിവയാണ് ആ പ്രവൃത്തികൾ. |
| (ബി) | കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേയുടെ നിർമ്മാണ പ്രവൃത്തി എന്ന് ടെന്റർ ചെയ്യാൻ കഴിയുമെന്നും രണ്ട്തെങ്ങ് -രാമന്തളി -പാഡ്യാലക്കടവ് പാലം നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നുമുള്ള വിവരം ലഭ്യമാക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേയുടെ വലിയപറമ്പ മുതൽ പന്നിക്കുന്ന് വരെയുള്ള 55.8 കി.മീ-ന്റെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്ന പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. തെരഞ്ഞെടുക്കപ്പെടുന്ന കൺസൾട്ടൻസി 6 മാസത്തിനുള്ളിൽ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുവാനാണ് വ്യവസ്ഥ ചെയ്യുന്നത്. രണ്ട്തെങ്ങ് - രാമന്തളി - പാഡ്യാലക്കടവ് പാലത്തിന്റെ വിശദമായ പദ്ധതി രൂപരേഖ കാസർഗോഡ് കേരള റോഡ് ഫണ്ട് ബോർഡ് പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് വിഭാഗം തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ